ഉത്തരം

(എ) പുലയാസ് കോളനിയിലെ വ്യക്തിഗത കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കളായ 74 പേരിൽ 17 പേർക്ക് വീട്ടു നമ്പർ ഇല്ലാത്തതിനാലാണ് വാട്ടർ കണക്ഷൻ നൽകുന്ന പ്രവൃത്തി ഇനിയും പൂർത്തീകരിക്കാൻ കഴിയാത്തത്.

(ബി) സ്വയം പര്യാപ്തത ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടതിനാൽ വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് മാത്രമായി സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക നമ്പർ അനുവദിച്ച് നൽകണമെന്ന് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വില്ലേജ് ഓഫീസിൽ നിന്നും അടിയന്തരമായി രേഖകൾ ലഭ്യമാക്കുന്നതിന് എസ്.സി. പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി ഗുണഭോക്താക്കൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതുപ്രകാരം 9 പേർക്കു കൂടി താൽക്കാലിക നമ്പർ ലഭിച്ചിട്ടുണ്ട്.

താനൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികൾ

198 (2407) ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളെയാണ് സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) എത്ര കോടി രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത് ;

(സി) ഏതെല്ലാം പ്രവൃത്തികൾ ഇവിടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഏത് ഏജൻസിയാണ് നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തതെന്നും വിശദമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തി എന്ന് പൂർത്തിയാക്കാനാകുമെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) താനൂർ നിയോജകമണ്ഡലത്തിലെ ഒട്ടുംപുറം കോളനി, അക്കിത്തടം ഐ.എച്ച്.ഡി.പി. കോളനി, നിറമരുതൂർ കൊണ്ടേമ്പാട്ട് കോളനി എന്നീ കോളനികളെയാണ് സ്വയം പര്യാപ്ത ഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ കോളനിക്കും ഒരു കോടി രൂപ ക്രമത്തിൽ 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഒട്ടുംപുറം - ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് - ആലുവ

1. ഭവനപുനരുദ്ധാരണം
2. കോൺക്രീറ്റ് റോഡ്
3. ബയോഗ്യാസ്
4. വാട്ടർ സപ്ലൈ
5. സംരക്ഷണഭിത്തി

അക്കിത്തടം - ഐ.എച്ച്.ഡി.പി. കോളനി - സിഡ്കോ കോഴിക്കോട്

1. മണ്ണ് സംരക്ഷണം
2. സൈഡ് പ്രൊട്ടക്ഷൻ
3. ഭവനപുനരുദ്ധാരണം
4. കുടിവെള്ള പദ്ധതി

കൊണ്ടേമ്പാട്ട് - സിഡ്കോ കോഴിക്കോട്

1. മണ്ണ് സംരക്ഷണം
2. ഭവനപുനരുദ്ധാരണം
3. കുടിവെള്ള പദ്ധതി
4. സൈഡ് പ്രൊട്ടക്ഷൻ

(ഡി) മൂന്ന് കോളനികളിലെയും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒന്നാം ഗഡു 25 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഒട്ടുംപുറം കോളനിയിലെ ഭവനപുനരുദ്ധാരണം, കോൺക്രീറ്റ് റോഡ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. കുടിവെള്ള പദ്ധതിക്കായി എസ്റ്റിമേറ്റിൽ തുക വകയിരുത്തിയെങ്കിലും പമ്പ് ഹൗസ് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

മൂന്ന് കോളനികളിലെയും വികസന പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പൂൾഡ് ഫണ്ടിൽ പൂർത്തിയാക്കുന്ന പദ്ധതികൾ

199 (2408) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ മാർച്ച് 31 വരെ പൂൾഡ് ഫണ്ട് എത്ര ശതമാനം ചെലവഴിച്ചു ;

(ബി) പൂൾഡ് ഫണ്ടിൽ ഈ വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാം ;

(സി) പൂൾഡ് ഫണ്ടിൽ പൂർത്തിയാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും ഇനിയും അനുവദിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമെന്നും ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം മാർച്ച് 31 വരെ പൂൾഡ് ഫണ്ടിനത്തിൽ 52.48% ചെലവഴിച്ചിട്ടുണ്ട്.

(ബി & സി) നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മറ്റ് സർക്കാർ വകുപ്പുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവ പൂൾഡ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനായി സമർപ്പിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകരിച്ച പ്രോജക്ടുകൾക്ക് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പാണ് അംഗീകാരം നൽകുന്നത്. ജില്ലാതലത്തിൽ പൂൾഡ് ഫണ്ട് പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നില്ല. 2014-15 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് :

1. ആടുവളർത്തൽ പദ്ധതി.

2. സുബല ടൂറിസം പ്രോജക്ട്, പത്തനംതിട്ട.

3. CAT, GATE കോച്ചിംഗ്, ഡി.റ്റി.ഇ. (ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ മുഖേന)

LIBRARY ARCHIVES Kerala Legislative Assembly